# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-999/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-999/2023 തീയ്യതി: 08/11/2023

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2022 മുതൽ 21-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 26-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 26-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.യു.സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോയ്സൺ സി.ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷൈനി എം.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെമീന നാസർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഷേർലി ജോൺ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീന എം.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| സൂരജ് വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 28-07-2022 |
| ആതിര വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 25-09-2022 |
| ശ്രീകുമാർ ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ഡോ.സുരഭി സോമൻ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മിനി പി. | മെഡിക്കൽ ഓഫീസർ, GAD | 01-04-2022 | 15-10-2022 |
| ഡോ.മഞ്ജുഷ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 16-10-2022 | 31-03-2023 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജിമോൻ പി.ജി. | ഹെഡ്മാസ്റ്റർ(ഇൻ-ചാർജ്) | 01-04-2022 | 30-06-2022 |
| ശ്രീ.അനിൽ ജോസഫ് | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |
| ഡോ.പ്രീത സൈമൺ | വെറ്ററിനറി സർജൻ | 01-04-2022 | 30-04-2022 |
| ഡോ.നിഷാന്ത് എം.പ്രഭ | വെറ്ററിനറി സർജൻ | 01-05-2022 | 04-07-2022 |
| ഡോ.ഗധാഭി | വെറ്ററിനറി സർജൻ | 05-07-2022 | 31-03-2023 |
| ശ്രീമതി റഷീദ പി.ഐ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലസീല പി.എസ്. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി രശ്മി ഇ.എസ്. | വി.ഇ..ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി നൈനിമോൾ ഐ.ജി. | ഐ.സി.ഡി.എസ്,സൂപ്പർവൈസർ | 01-04-2022 | 17-07-2022 |
| ശ്രീമതി അലിന ജോർജ് | ഐ.സി.ഡി.എസ്,സൂപ്പർവൈസർ | 18-07-2022 | 31-03-2023 |
| ശ്രീമതി റിൻസ തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ധനകാര്യപത്രികയിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ക്ലോസിങ്ങ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | Prior Period Income/Expenditure വിവരത്തിന് അനുബന്ധ രേഖകൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | Other Liabilities എന്ന ശീർഷകത്തിലെ തുകയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | ക്ഷേമ പദ്ധതികൾ | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 15 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 16 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു. | 1-10 |
| 17 | റവന്യൂ വിഭവ സമാഹരണം - അവലോകനം | 1-11 |
| 18 | ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി നിർണയിച്ചില്ല | 1-12 |
| 19 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | 1-13 |
| 20 | വസ്തു നികുതിയിൽ വൻകുടിശ്ശിക | 1-14 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 22 | വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-16 |
| 23 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-17 |
| 24 | അപകടകരമായ നിലയിലുള്ള മരം മുറിച്ചുനീക്കി ലേലം ചെയ്യുന്നതിന് നടപടികളായില്ല | 1-18 |
| 25 | തടി ലേലം-ലേലത്തുകയ്ക്കൊപ്പം ഈടാക്കിയ വനവികസനനികുതിയും ജി.എസ്.റ്റി.യും സർക്കാരിലേക്ക് ഒടുക്കിയില്ല | 1-19 |
| 26 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല. | 1-20 |

| | | |
|---|---|---|
| 27 | പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികളായില്ല | 1-21 |
| 28 | ഓഡിറ്റ് ഇംപാക്ട് -അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കി | 1-22 |
| 29 | കാലി വീപ്പയുടെ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-23 |
| 30 | ടേക്ക് എ ബ്രേക്ക് പൊതു ടോയ്‌ലറ്റ്- പൂർത്തീകരിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും പദ്ധതി ഉദ്ഘാടനം ചെയ്തിട്ടില്ല | 1-24 |
| 31 | മൈലാട്ടുംചിറ കുളം നവീകരണം-പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു | 1-25 |
| 32 | ക്രമീകരണ സാധ്യതയില്ലാത്ത തുകകൾ മുൻകൂർ കണക്കുകളിൽ നിലനിർത്തുന്നു. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികളിൽ ഉൾപ്പെട്ട തുകകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 26.06.2023-ലെ 4(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ

ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

തൊടുപുഴ
തീയതി. 08.11.2023

1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ. (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-2 ധനകാര്യപത്രികയിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

തൊഴിൽനികുതി, ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളും ധനകാര്യപത്രിക പ്രകാരമുള്ള തുകകളും പൊരുത്തപ്പെടാത്തതിനാൽ യഥാർത്ഥ കണക്കുകളുടെ ചിത്രം വ്യക്തമല്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-16 കാണുക.

1-1-3 ക്ലോസിങ്ങ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി14 പ്രകാരം സ്റ്റോക്ക് ഇൻ ഹാന്റ് ₹73,102/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വാർഷാന്ത്യമൂല്യം കണക്കാക്കി എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58,4(a))

1-1-4 Prior Period Income/Expenditure വിവരത്തിന് അനുബന്ധ രേഖകൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-5 Other Liabilities എന്ന ശീർഷകത്തിലെ തുകയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി4 പ്രകാരം 320100999 എന്ന ശീർഷകത്തിൽ 60,000/- രൂപയുടെ ബാധ്യതയുള്ളതായി കാണുന്നു. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | I/തീ. 17.03.2022 |
| ഭരണസമിതിയിൽ<br>അവതരണം, അംഗീകാരം | I(1)/തീ. 23.03.2022 |

| ബജറ്റ് പുതുക്കൽ | 2(1)/തീ. 28.02.2023 |
|---|---|

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 15114402 |
| വരവ് | 130523081 |
| ആകെ | 145637483 |
| ചെലവ് | 128660881. |
| നീക്കിയിരിപ്പ് | 16976602 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല.

അംഗീകരിച്ച ബജറ്റും ധനകാര്യപത്രികയും തമ്മിൽ ചില ഇനങ്ങളിൽ വലിയ അന്തരം നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വസ്തു നികുതി | 5,70,000 | 39,57,045 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 2485000 | 91,30,88 |

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ബജറ്റ് പ്രയോജനപ്പെടേണ്ടതാണ്. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഗൗരവമർഹിക്കുന്നു. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 15429000 | 15429000 | 13631135 | - |
| | എസ്.സി.പി | 0 | 2428000 | 2428000 | 2242535 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | | 1257007 | 2590000 | 3847007 | 1497130 | 2349877 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | | 410438 | 1820901 | 2231339 | 1627633 | 603706 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ഹെൽത്ത് ഗ്രാന്റ്-ഇൻഫ്ര) | | 0 | 238919 | 238919 | 170845 | 68074 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(വെൽനസ്സ്) | | 0 | 110000 | 110000 | 110000 | 0 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 4570000 | 4570000 | 4123418 | - |
| | റോഡ് | 0 | 8310000 | 8310000 | 8273930 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 2879** | 1105617 | 1106596 | 1106020 | 576 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 9449833 | 9449833 | 9449833 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഐ.സി.ഡി.എസ് | 510160 | 869838 | 1379998 | 498807 | 881191 |
| | ടോട്ടൽ സാനിറ്റേഷൻ | 1297595 | 0 | 1297595 | 0 | 1297595 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 556058 | 52766 | 608824 | 36000 | 572824 |
| | ആയുർവേദം | 28270 | 0 | 28270 | 0 | 28270 |
| | പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 356531 | 0 | 356531 | 0 | 356531 |
| | ഇ.എം.എസ്. | 300335 | 0 | 300335 | 300335 | 0 |
| | വിമുക്തി | 4630 | 0 | 0 | | 4630 |
| | സാക്ഷരത | 2865 | 6394 | 9259 | 6313 | 2946 |
| | ലൈഫ് ജനറൽ State Share (GENERAL&SCP) (320300199) | 1230000 | 1000000 | 2230000 | 1175000 | 1055000 |
| | 320100299 ആശ്രയ | 04 | 0 | 0 | 0 | 0 |
| | നാഷണൽ ഹെൽത്ത് മിഷൻ | 0 | 500000 | 500000 | 0 | 500000 |

**ഭരണ ചെലവുകളുടെ മുന്നിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരം ₹979/- യും, 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം ₹2879/- യുമാണ്. ₹1900/- സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കോൺട്രാക്ടർക്ക് അധികം നൽകിയത് തനതുഫണ്ടിലേക്ക് തിരിച്ചടച്ചു.

വിവിധ ഫണ്ടുകൾ അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതും കൂടി ഉൾപ്പെടുത്തിയ തുകകളാണ് മേൽ കൊടുത്തിരിക്കുന്നത്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകളുടെ വിവരങ്ങൾ ഖണ്ഡിക 1-3-1 ൽ കൊടുക്കുന്നു.

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

എ) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം, അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പരിഗണിച്ച വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 15429000 | 987207 | 876000 | 13565703 |
| വികസനഫണ്ട് (SCP) | 2428000 | 527209 | 0 | 1920791 |

ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനവും തിരിച്ച് ലഭ്യമല്ല.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | ₹ | | ₹ | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 144 | 97843171 | 116 | 35653818 | 93 | 23 | 85.55 |

<u>നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം</u>

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 08 | 08 | 2613078 | 1502139 |
| വെറ്ററിനനറി സർജൻ | 07 | 06 | 3493200 | 1557648 |
| MO(PHC) | 08 | 08 | 1709973 | 1638886 |
| MO(HOM) | 01 | 01 | 200000 | 200000 |
| MO(ISM) | 03 | 03 | 620000 | 611275 |
| VEO | 18 | 16 | 55798919 | 7178134 |
| ICDS SUPERVISER | 04 | 03 | 4084243px250 | 3228171 |
| ഗ്രാമപഞ്ചായത്ത് Secretary | 27 | 19 | 7291608 | 5388688 |
| DFI | 01 | 01 | 1700000 | 700000 |
| ഹെഡ്മാസ്റ്റർ GLPS | 02 | 02 | 300000 | 276537 |
| AE,LSGD | 65 | 49 | 20032143 | 13372340 |
| ആകെ | 144 | 116 | 97843171 | 35653818 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം.,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 19.05.2022, 08.06.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 26.05.2022 മുതൽ 29.05.2022 വരെ |
| വികസന സെമിനാർ | 08.062022 |
| ഭരണാനുമതി | I(1)/ തീ. 20.07.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 677/2022/DPC/DPO/IDK തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ഏറ്റെടുത്ത 144 പ്രോജക്ടുകളിൽ 116 എണ്ണം നടപ്പാക്കി.

  എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും സേവനം ഫലപ്രദമായി വിനിയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്.

  സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ലൈഫ് ഭവന പദ്ധതി, വൃദ്ധർക്ക് കട്ടിൽ, വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞത് നേട്ടമായി.
- ലഭ്യമായ ഗ്രാന്റുകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഷോർട്ട് ഫോൾ ഒഴിവാക്കാനായി.
- ലക്ഷങ്ങൾ ചെലവഴിച്ച് പൂർത്തീകരിച്ച ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയം ജനോപകാരപ്രദമായി തുറന്നു നൽകിയിട്ടില്ല.
- അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 03 |
| കർഷക തൊഴിലാളി പെൻഷൻ | 3756400 | 472 |
| വിധവാപെൻഷൻ | 4055800 | 376 |
| വാർദ്ധക്യകാല പെൻഷൻ | 13424200 | 2245 |
| വികലാംഗ പെൻഷൻ | 1839200 | 165 |
| അവിവാഹിതർക്കുള്ള പെൻഷൻ | 232000 | 37 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 979 | 1105617 | 1106596 | 1106020 | 576 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 9449833 | 9449833 | 9449833 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹23706/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിമൂന്നംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൌണ്ടന്റ്, മൂന്ന് സീനിയർ ക്ലാർക്കുമാർ, മൂന്ന് ക്ലാർക്കുമാർ, ഒരു ഓഫീസ് അറ്റന്റന്റ്, ഒരു ഡ്രൈവർ, ഒരു പാർട്ട്-ടൈം സ്വീപ്പർ എന്നിവരോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റും, പ്രോജക്ട് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ നിർണ്ണയിച്ചിട്ടുള്ള ഡി.സി.ബി. തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദമായ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
3. അതത് മാസങ്ങളിലെ വരവ്-ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള കാലപരിധികൾ തൻവർഷവും പാലിച്ചിട്ടില്ല.

4. വിവിധ അക്കൗണ്ടുകളുടെ 2023 ജൂലൈ 31- വരെയുള്ള പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

5. ILGMS സോഫ്റ്റ്‌വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

6. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. തൻവർഷാവസാനത്തെ കുടിശ്ശിക 1.1 കോടി രൂപയാണ്. ഇതിൽ സിംഹഭാഗവും അൽ-അസർ ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതിയും അവയുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽനികുതിയുമാണ്. ഈ ട്രസ്റ്റിന്റെ കീഴിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിന്റെ വസ്തു നികുതി നിയമപരമായി നിർണയിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല. ലൈസൻസ് കൂടാതെ ആരോഗ്യ സ്ഥാപനം പ്രവർത്തിക്കുന്നത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന വസ്തുത പ്രത്യേകം കാണേണ്ടതാണ്. ചികിത്സയുമായി ബന്ധപ്പെട്ട് ദൗർഭാഗ്യകരമായ സാഹചര്യമുണ്ടാകുന്ന പക്ഷം ഗ്രാമപഞ്ചായത്ത് പ്രതിക്കൂട്ടിലാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

7. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ ബൊലേറോ ജീപ്പിന് പതിനഞ്ച് വർഷം പഴക്കമുണ്ട്. ഇതിനോടകം അത് 3 ലക്ഷം കിലോമീറ്റർ ദൂരം സഞ്ചരിച്ചിട്ടുമുണ്ട്. പുനരുപയോഗ സാധ്യത പരിമിതമെന്ന് കണ്ടതിനെത്തുടർന്ന് 25.04.2023-നുശേഷം അത് ഉപയോഗിച്ചിട്ടില്ല. പ്രസ്തുത വാഹനം മുൻപ് അപകടത്തിൽപ്പെട്ടത് സംബന്ധിച്ച് ഒരു കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ വില നിശ്ചയിച്ച് കണ്ടം ചെയ്യാൻ നിലവിൽ നിയമ തടസ്സമുണ്ട്. എന്നാൽ പ്രസ്തുത വ്യവഹാരം പുതിയ വാഹനം വാങ്ങുന്നതിന് ഏതെങ്കിലും വിധത്തിൽ തടസ്സമാകുന്നതല്ല. കോടതി അനുമതിയോടെ വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും നടപടി സ്വീകരിക്കാത്തതുമൂലം ഡ്രൈവർക്ക് നാലു മാസമായി യഥാർത്ഥ സേവനത്തിനല്ല ശമ്പളം നൽകി വരുന്നത്. ഇതോടൊപ്പം ഗണ്യമായ തുക വാഹന വാടകയിനത്തിൽ ചെലവഴിക്കേണ്ടിയും വരുന്നു. വാഹനം വാടകയ്ക്കെടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച വാർഷിക പരിധിയായ ₹75000/- യിൽ പാതിയിലധികവും ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. വസ്തുനികുതി പരിഷ്കരണവും, വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് അനേകം യാത്രകൾ നടപ്പു സാമ്പത്തിക വർഷം അനിവാര്യമായിരിക്കെ തുടർന്നും വാടക വാഹനം ഉപയോഗിക്കുന്നത് എത്ര കണ്ട് പ്രായോഗികമെന്ന് പ്രത്യേകം പരിഗണിക്കേണ്ട വിഷയമാണ്.

8. പൊതു ടാപ്പുകളുടെ വെള്ളക്കരം തനതു ഫണ്ടിന് വലിയ പ്രതിസന്ധിയാണ്. ഉപയോഗ യോഗ്യമായ ടാപ്പുകളൊന്നുമില്ലെന്ന് ഭരണസമിതി വിലയിരുത്തിയതിനെത്തുടർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ മുൻപുണ്ടായിരുന്ന ടാപ്പുകളുടെ എണ്ണം 131 -ൽനിന്ന് 152 ആയി വർദ്ധിച്ചത് കൗതുകകരമായ വസ്തുതയാണ്. വെള്ളക്കരം മൂന്നിരട്ടിയായി വർദ്ധിച്ചതും ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾക്കുകൂടി തുക നൽകേണ്ടി വരുന്നതും ഭരണസമിതി വിലയിരുത്തേണ്ടതും ഉചിതമായ പരിഹാര നടപടി ജല അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് നടത്തേണ്ടതുമാണ്.

9. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.
10. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
11. വാർഷിക പദ്ധതി നിർവഹണം - നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിലും പുരോഗതിയുണ്ട്.
12. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. തൊടുപുഴ ടൗൺ ശാഖയിൽ ഒരു അക്കൗണ്ട് (നം.67382554547) പരിപാലിക്കുന്നുണ്ട്. നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനവും ലഭിക്കുന്നില്ല. 29.07.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹13,56,805.50/- അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം ലൈഫ് ഭവന പദ്ധതി ധനസഹായത്തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

## 1-10 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കുമാരമംഗലം ശാഖയിലെ

(അക്കൗണ്ട് നം.445402010011988) ഇടപാടുകൾക്ക് (Charges For PORD/charge For MICR CHEQUE Issue Charge എന്ന Description-ൽ) ബാങ്ക് ചാർജ് ഈടാക്കുന്നുണ്ട്. ചെക്കുകൾ ക്ലിയർ ചെയ്യുന്നതിന് പണം നൽകേണ്ടി വരുന്നതുമൂലം ഓരോ മാസവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതി വളരെ പരിതാപകരമായിരിക്കെ ഈയിനത്തിലും തുക നഷ്ടപ്പെടുന്നത് ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി ബാങ്ക് അധികൃതരുമായി കൂടിയാലോചന നടത്തുന്നതിനും, അനുകൂലമായ നിലപാട് ഇല്ലാത്തപക്ഷം സൌകര്യപ്രദമായ മറ്റൊരു ബാങ്കിലേയ്ക്ക് തനതുഫണ്ട് നിക്ഷേപം മാറ്റുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 റവന്യൂ വിഭവ സമാഹരണം - അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്ന തിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ സിംഹഭാഗവും കൃഷിഭൂമിയാണ്. റബർ, കുരുമുളക്, തുടങ്ങിയ നാണ്യവിളകൾക്കൊപ്പം നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങ് വിളകൾ എന്നിവയും കൃഷി ചെയ്തു വരുന്നു. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന ജനങ്ങളും, കർഷകതൊഴിലാളികളുമാണ്. അഭ്യസ്തവിദ്യരായ ആളുകൾ വിദേശത്ത് തൊഴിൽ കണ്ടെത്തുന്ന പ്രവണത നിലനിൽക്കുന്നതിനാൽ മെച്ചപ്പെട്ട വരുമാനദായകമായ തൊഴിൽ സംരംഭങ്ങളോ വൻകിട കച്ചവട സ്ഥാപനങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. സർക്കാർമേഖലയിലുള്ള സ്ഥാപനങ്ങളും കുറവാണ്. ഇക്കാരണത്താൽ തന്നെ ഗ്രാമപഞ്ചായത്തിന് തനതുവരുമാനവും വളരെ കുറവാണ്. പ്രസ്തുത സാഹചര്യം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും ഒരു പരിധിവരെ തടസ്സമാകുന്നുമുണ്ട്. വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ

തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ. അൽ അസർ ട്രസ്റ്റിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ് എന്നിവയുടെ വസ്തു നികുതി, തൊഴിൽനികുതി എന്നിവയാണ് ഇവയിൽ പ്രധാനം. എന്നാൽ വസ്തു നികുതി ഒടുക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ട് ട്രസ്റ്റ് കോടതിയെ സമീപിച്ചതിനാൽ വസ്തു നികുതിയിനത്തിൽ ലഭിക്കേണ്ട ഒരു കോടിയോളം രൂപ വർഷങ്ങളായി കുടിശ്ശികയായിരുന്നു. ഇതിലുൾപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ ക്രമവത്ക്കരണം പൂർത്തിയായതിനാൽ ഗണ്യമായ തുക നടപ്പു സാമ്പത്തിക വർഷം പിരിഞ്ഞു കിട്ടിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളെ പാർപ്പിക്കുന്ന ഹോസ്റ്റലിന് നാമമാത്രമായ നിരക്ക് നിശ്ചയിച്ചിട്ടുള്ളതിനാൽ വരുമാനം ഗണ്യമായി കുറഞ്ഞിട്ടുള്ളത് പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയമാണ്. പ്രസ്തുത കെട്ടിടത്തിന്റെ ക്രമവത്ക്കരണ നടപടികൾ പുരോഗമിക്കുന്നതിനാൽ സർക്കാർ വിജ്ഞാപനം ചെയ്ത നിരക്ക് ബാധകമാക്കി നികുതി നിർണയം പുനഃപരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തിക പ്രതിസന്ധി ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വേണ്ട രീതിയിൽ വിലയിരുത്തുന്നില്ല. വസ്തു നികുതി പരിഷ്കരണ വേളയിൽ വിജ്ഞാപനം ചെയ്ത കുറഞ്ഞ നിരക്കുകൾ ഈ വാദം സാധൂകരിക്കുന്നു.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന നടപടികളിൽ വീഴ്ച വന്നിട്ടുണ്ട്. അൽ-അസർ ട്രസ്റ്റുമായി വർഷങ്ങളായി തുടരുന്ന കോടതി വ്യവഹാരം ഉചിത ഇടപെടലുകളിലൂടെ തീർപ്പാക്കാൻ കഴിയാതിരുന്നതുമൂലം കോടിക്കണക്കിനു രൂപ തൻവർഷം വരെ കുടിശ്ശികയായി നിലനിന്നു. ഇപ്പോഴും ഏതാണ്ട് അൻപതു ലക്ഷത്തിലധികമാണ് ഈയിനത്തിലെ കുടിശ്ശിക. വസ്തു നികുതിക്കു പുറമെ തൊഴിൽനികുതി പോലും പൂർണമായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നതും പ്രത്യേകം കാണേണ്ട വിഷയമാണ്.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ പ്രാവർത്തികമാക്കുവാൻ ഭരണസമിതിയുടെ ക്രിയാത്മക ഇടപെടലുകൾ ഇല്ലാത്തിനാൽ 100% റവന്യൂ പിരിവ് എന്ന ലക്ഷ്യം വിദൂരസ്വപ്നമായി ശേഷിക്കുന്നു.

എ) വസ്തുനികുതി പരിഷ്കരണ  നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ(പി) നം 25/2023 നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും

ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് കുമാരമംഗലം ഗ്രാമപഞ്ചായത്ത് 29.04.2023-ലെ 1(1), 12.06.2023-ലെ 6(1), 6(2) എന്നീ തീരുമാനങ്ങൾപ്രകാരം നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 1-4-2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (23-5-23- ലെ JC1-1578-2023.) കരട് വിജ്ഞാപനം 8-6-23-ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് 27-6-23 ൽ കൂടിയ പഞ്ചായത്ത് യോഗത്തിൽ തീരുമാനിക്കുകയും (അജണ്ട- 4 തീരുമാനം- 1) ആയതനുസരിച്ച് കരട് വിജ്ഞാപനം തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമ വിജ്ഞാപനമായിട്ടില്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ബി) തൊഴിൽനികുതി

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ ഡിമാന്റ് തുകകൾ കാലികമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കണക്കുകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള അന്തരം പരിശോധിക്കപ്പെടേണ്ടതാണ്.

സി) ലൈസൻസ് ഫീസുകൾ

കാർഷിക മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾ വളരെ കുറവാണ്. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

കെട്ടിട നിർമാണ പെർമിറ്റ് ഫീസ് വർദ്ധനവാണ് ഗ്രാമപഞ്ചായത്തിന് മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യാൻ സാധ്യതയുള്ള ഒരു സ്രോതസ്സ്. സർക്കാർ ഈയിനത്തിൽ വൻവർദ്ധനവ് സാധ്യമാക്കിയതോടെ പട്ടണത്തോട് ചേർന്ന പ്രദേശമെന്ന നിലയിൽ ഇവിടെയുണ്ടാകാനിടയുള്ള കെട്ടിടനിർമാണ പ്രവൃത്തികളിലൂടെ നിലവിലുള്ളതിൽ നിന്നും വളരെ ഉയർന്ന വരുമാനം ലഭിക്കാനുള്ള സാധ്യതയാണ് തെളിഞ്ഞിട്ടുള്ളത്.

രേഖ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെ തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരകതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെ അന്തിമ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടാത്തതും വലിയ പോരായ്മയാണ്.

ശുപാർശകൾ

- തനതു വരുമാന സ്രോതസ്സുകളുടെ ഡിമാന്റ്-പിരിവ് രേഖ സൂക്ഷിക്കൽ നടപടികൾ പ്രത്യേക സ്ഥിരം അജണ്ടയായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവർ നിശ്ചയിക്കേണ്ടതാണ്.
- 2013-ലെ വസ്തു നികുതി പരിഷ്കരണത്തിനു ശേഷം നടന്നിട്ടുള്ള അനധികൃത നിർമാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രാദേശിക പരിശോധനയിലൂടെ കണ്ടെത്തുന്ന ചട്ടലംഘനങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത സബ്കമ്മിറ്റി തുടർന്നും ഒരു സ്ഥിരം സംവിധാനമായി പ്രവർത്തിക്കേണ്ടതാണ്.
- ഫീൽഡ് തല പരിശോധന കർശനവും സമയബന്ധിതവുമാക്കി അനധികൃത നിർമാണങ്ങളുടെ പുതിയ വാണിജ്യ സംരംഭങ്ങളുടെ റിപ്പോർട്ടിംഗും കാര്യക്ഷമമാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിലെ വ്യാപാരികളുടെയും വ്യവസായങ്ങളുടെയും പട്ടിക വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രത്യേക ഡിമാന്റ് നമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.
- അൽ അസർ ട്രസ്റ്റുമായുള്ള കോടതി വ്യവഹാരം തീർപ്പാക്കുന്നതിന് അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി വസ്തു നികുതി പരിഷ്കരണ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന യുക്തമായ നിരക്കുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഭരണനിർവഹണത്തിലെ സാങ്കേതിക വൈഷമ്യങ്ങൾ യഥാസമയം ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

1-12 ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി നിർണയിച്ചില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഉപയോഗക്രമവും

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ ഫയൽ പ്രകാരം അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു. ഗ്രൂപ്പ് ബി വിദ്യാഭ്യാസ കെട്ടിടത്തോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളെ, പാർപ്പിടങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചത്. തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | നികുതി നിർണയ ഫയൽ പ്രകാരമുള്ള ഉപയോഗക്രമം | നിർണയിച്ച നികുതി നിരക്ക് | ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപനപ്രകാരം ബാധകമാക്കേണ്ട നിരക്ക് | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|---|---|
| 1 | 7/133E | പാർപ്പിടാവശ്യം | ഹോസ്റ്റൽ | 03 | 35 | കെ.എം.മൂസ്സ, ചെയർമാൻ, നൂറുൾ ഇസ്ലാം ട്രസ്റ്റ് | 1643.11 ച.മീ |
| 2 | 7/133D | പാർപ്പിടാവശ്യം | ഹോസ്റ്റൽ | 03 | 35 | | 1627 ച.മീ |

ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ VII, IX നമ്പർ വാർഡുകളിലെ വസ്തുനികുതി രേഖകൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹35/-ച.മീറ്റർ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹55/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | VII/203 | സെക്രട്ടറി, ദാറുൾ ഫത്തഹ് | 172 ച.മീറ്റർ |
| 2 | VII/251 | എമിലി ഫിലിപ്പ് | 103.5ച.മീ. |
| 3 | IX/63 | ഷിബു വർഗീസ് | 254 ച.മീ. |
| 4 | IX/137A | മനു ജോർജ് | 104.28 ച.മീ. |
| 5 | IX/176 | വർക്കി അഗസ്റ്റ്യൻ | 232 ച.മീ. |
| 6 | IX/291 | മനിൽ തോമസ് | 183 ച.മീ. |
| 7 | IX/292 | മനിൽ തോമസ് | 127 ച.മീ. |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും

വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 വസ്തു നികുതിയിൽ വൻകുടിശ്ശിക

2022-23-ലെ വാർഷിക ധനകാര്യ പത്രികയുടെ ബി-15 പത്രികയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ ₹1,09,24,993/-യുടെ കുടിശ്ശികയുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പിരിവ് കണക്കുകൾ പരിശോധിച്ചതിൽ നൂറുൽ ഇസ്ലാം ട്രസ്റ്റ്, പെരുമ്പിള്ളിച്ചിറ എന്ന സ്വകാര്യ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ അൽ-അസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന പേരിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അനുബന്ധമായി പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ, കാന്റീൻ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുമായി ബന്ധപ്പെട്ട വസ്തു നികുതിയാണ് ഭീമമായ കുടിശ്ശികയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് കാണുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന ഗണത്തിൽപ്പെടുന്നതിനാൽ നികുതിയിളവ് അവകാശപ്പെട്ടും അനധികൃതമായി നിർമിച്ച കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 A A പ്രകാരം മൂന്നു മടങ്ങ് വസ്തു നികുതി നിർണയിച്ച നടപടി എതിർത്തും പ്രസ്തുത ട്രസ്റ്റ് ഗ്രാമപഞ്ചായത്തിനെയും സെക്രട്ടറിയെയും എതിർകക്ഷികളാക്കി ബഹു. കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. (WP(C) No.11408/2016).

2013-14 വർഷം മുതൽ പുതുക്കിയ നിരക്കിൽ ആകെ ₹12,19,949/- വീതം ഡിമാന്റ് ചെയ്തതിനെതിരെ സ്ഥാപനം സമർപ്പിച്ച മേൽനമ്പർ ഹർജിയിൽ 25.7.2016-ലുണ്ടായ ഉത്തരവു പ്രകാരം നികുതി ചുമത്തൽ നടപടി കോടതി സ്റ്റേ ചെയ്യുകയുണ്ടായി. ഇതോടൊപ്പം ഡിമാന്റ് നോട്ടീസ് ലഭിച്ച കാരണം മുൻനിർത്തി ഫയൽ ചെയ്ത WP(C)12680/2017 നമ്പർ ഹർജി പരിഗണിച്ച് ബഹു.കോടതി 10.4.2017-ലെ ഉത്തരവു പ്രകാരം തുടർ നടപടികൾ താത്ക്കാലികമായി സ്റ്റേ ചെയ്തിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (2013-ൽ വരുത്തിയ ഭദഗതി അനുസരിച്ച്) വകുപ്പ് 207 (1) പ്രകാരം സർക്കാർ വകയോ എയ്ഡഡോ ആയ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമാണ് വസ്തു നികുതി അടവാക്കുന്നതിൽ ഒഴിവ് നൽകിയിട്ടുള്ളത്. ചില സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത് സംബന്ധമായി കോടതി വ്യവഹാരങ്ങൾ ആരംഭിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയതുമാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 N, 235W, 235AA(5) വകുപ്പുകൾ പ്രകാരമുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും റവന്യൂ നഷ്ടത്തിന് പരിഹാരം കാണുന്നതിനുമായി വിഷയം ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ 31.05.2021 ലെ TCPIDK/93/2021-D1 ഉത്തരവ് പ്രകാരം ഗ്രൂപ്പ് ബി വിദ്യാഭ്യാസ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ സ്ഥലവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം ലഭിച്ചിരുന്നു. ശ്രീ.കെ.എം.മൂസ്സ, ചെയർമാൻ, നൂറുൾ ഇസ്ലാം ട്രസ്റ്റ്, പെരുമ്പള്ളിച്ചിറ, തൊടുപുഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നിലനിൽക്കുന്നതുമായ, 74809 ച.മീ.

വിസ്തീർണമുള്ള സ്ഥലത്ത് പുതിയതായി വിദ്യാഭ്യാസത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി നിർമിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനും പുതിയ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുമായി സ്ഥലവിനിയോഗിക്കുന്നതിനും ഇതിലൂടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിലുള്ളവ (നമ്പർ ലഭ്യമായത്), നിർമിക്കപ്പെട്ടവ (ക്രമവത്കരിക്കാനുള്ളത്) ഉൾപ്പെടെ 19 കെട്ടിടങ്ങളാണുള്ളത്. (ആകെ വിസ്തീർണം-53819.71 ച.മീ.)

17.01.2022 ലെ കമ്മറ്റി തീരുമാനപ്രകാരം മേൽ കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്ത് നമ്പർ നൽകുന്നതിനും ഇടുക്കി നഗരാസൂത്രകന്റെ ലേ ഔട്ട് അപ്രൂവൽ പ്രകാരവും അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരവുമുള്ള അളവുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി ആയതു പ്രകാരമുള്ള നികുതി കണക്കാക്കി ഈടാക്കുന്നതിനും ഭരണസമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ (ഫയൽ നം A2-2019/2021 ) തുടർന്നടപടി സ്വീകരിച്ച് 7 കെട്ടിടങ്ങൾക്ക് നമ്പർ നൽകി ചട്ടപ്രകാരം ലഭിക്കേണ്ട നികുതി ഈടാക്കിയിട്ടുണ്ട് (133F, 133G, 133H, 133I, 133K, 133M, 133P). ശേഷിക്കുന്നവ ക്രമവത്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് കുടിശ്ശിക നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ധനകാര്യ പത്രികയിൽ (ബി 15 പത്രിക) തൊഴിൽനികുതി കുടിശ്ശികയായി തുകയൊന്നും രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | | റിമാർക്സ് |
|---|---|---|---|---|
| 1. | അൽ-അസ്ഹർ പോളിടെക്നിക് | I | II | സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല |
| 2. | അൽ-അസ്ഹർ മെഡിക്കൽ കോളേജ് & സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | I | II | സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല |
| 5. | വില്ലേജ് ഇന്റർനാഷണൽ സ്കൂൾ | I | II | 2021-22 രണ്ടാം അർദ്ധവർഷം മുതൽ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി അടച്ചിട്ടില്ല |
| 6. | കുമാരമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഏഴല്ലൂർ | I | II | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 7. | കുമാരമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഈസ്റ്റ് കലൂർ | I | II | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |

തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തീ.24.08.2023) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാനവശേഷിക്കുന്ന തുകകൾ കാലഹരണപ്പെടുന്നതിന് മുൻപ് പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-16 വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, ഫയൽ എന്നിവ ധനകാര്യപത്രിക ആസ്പദമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി- ഡിമാന്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

I) ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ₹55000/- ഉം ബാലൻസ് ₹21500/- ഉം ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇവ യഥാക്രമം ₹52500/- , ₹18750/- ആണ്.

II) ജീവനക്കാരുടെ തൊഴിൽ നികുതി ₹1080740/- ലഭ്യമായതായും ₹611480/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഇത് പൂർണ്ണമായി പിരിച്ചെടുത്തതായാണ് രേഖപ്പെടുത്തൽ. (₹1296470/-) പിരിവ്, കുടിശ്ശിക എന്നിവയുടെ ആകെത്തുകകൾ ധനകാര്യപത്രികയും രജിസ്റ്ററുമായും പൊരുത്തപ്പെടാത്തതും ശ്രദ്ധിക്കുക.

III) വ്യാപാരികളുടെ തൊഴിൽ നികുതി പൂർണമായി പിരിച്ചെടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (₹118200/-) വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് ₹120700/-, കളക്ഷൻ ₹114600/- ബാലൻസ് 0 . 2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ ₹10000/- അഡ്വാൻസ് കളക്ഷൻ ഉണ്ട്. എന്നാൽ ജേണൽ വൗച്ചർ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഇത് കൃത്യമായി തൻവർഷ കണക്കുകളിൽ ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

IV) ഡി.സി.ബി.രജിസ്റ്റർ പ്രകാരം ഫാക്ടിയോസ് ലൈസൻസ് ഫീസ് ഡിമാന്റ് ₹95000/-, കളക്ഷൻ ₹95000/- ആണ്. വാർഷിക കണക്ക് പ്രകാരം ഇത് യഥാക്രമം ₹96000/-, ₹95000/-ആണ്. 2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ ₹4000/- അഡ്വാൻസ് കളക്ഷൻ ഉണ്ട്. എന്നാൽ ജേണൽ വൗച്ചർ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെയും തുക കൃത്യമായി തൻവർഷ കണക്കുകളിൽ ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഡി.സി.ബി. രജിസ്റ്ററിലെ കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ വരവിനങ്ങളിലെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതും ഇപ്രകാരം കണക്കുകളിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-17 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് “വാണിജ്യ ആവശ്യം” എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 665 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. എന്നാൽ ഖരമാലിന്യ പരിപാലനപരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസിപ്പിച്ച വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 244 വ്യാപാര

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കണക്കുകളിലെ പ്രസ്തുത അന്തരത്തിന് കാരണം ലഭ്യമാക്കിയിട്ടില്ല. 2022-2023 സാമ്പത്തിക വർഷം 147 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-18 അപകടകരമായ നിലയിലുള്ള മരം മുറിച്ചുനീക്കി ലേലം ചെയ്യുന്നതിന് നടപടികളായില്ല

ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ ആയുർവേദ ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപനത്തിനും ജീവനക്കാർക്കും അപകടകരമായ നിലയിൽ നിന്നിരുന്ന കമ്പിൾ മരം മുറിച്ച് നീക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിരുന്നു. ഇതിനു മുന്നോടിയായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്ന് മുറിച്ച് മാറ്റേണ്ട മരത്തിന്റെ മൂല്യനിർണയ സാക്ഷ്യപത്രം (കത്ത് നം. എ1-540/2021 തീയതി 20.04.2021) ഇടുക്കി ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്ന് വാങ്ങി. അതുപ്രകാരമുള്ള വില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തടിയുടെ ഇനം | തടി /മരം സ്ഥിതി ചെയ്യുന്ന സ്ഥലം | അളവുകൾ | നിശ്ചയിക്കപ്പെട്ട വില |
|---|---|---|---|
| കമ്പിൾ | ഏഴല്ലൂർ ആയുർവേദ ആശുപത്രി കോമ്പൗണ്ട് | 1.065 M3 Volume 160 Cm വണ്ണം | (37413 + വനവികസന നികുതി 5%) + 18% ചരക്കുസേവന നികുതി |

4.02.2023ൽ ലേലം നടത്തിയെങ്കിലും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ പ്രകാരമുള്ള തുകയ്ക്ക് (37413/-) ലേലം കൊള്ളുവാൻ ആരും തയ്യാറാകാത്തതിനാൽ 06.02.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പുനർലേലം നടത്താൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. 05.04.2023 ൽ പുനർ ലേലം നടത്തിയെങ്കിലും ഈ ലേലത്തിലും ആരും പങ്കെടുത്തിട്ടില്ല.

ആശുപത്രിക്കും, അതിലെ ജീവനക്കാർക്കും അവിടെയെത്തുന്ന രോഗികൾക്കും ബഹുജനങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന മരം അടിയന്തിരമായി മുറിച്ച് നീക്കി ലേലം ചെയ്യേണ്ടതാണ്.

1-19 തടി ലേലം-ലേലത്തുകയ്ക്കൊപ്പം ഈടാക്കിയ വനവികസനനികുതിയും ജി.എസ്.റ്റി.യും സർക്കാരിലേക്ക് ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ പെരുമ്പള്ളിച്ചിറ ഭാഗത്ത് അപകടകരമായി നിന്നിരുന്ന ആഞ്ഞിലി മരം, വിറക് എന്നിവ ലേലം ചെയ്ത് തുടർ നടപടികൾ കൈക്കൊള്ളുന്നതിന് 03.06.2021ലെ 1/1, 16.05.2022 ലെ 15/1

നമ്പർ തീരുമാനങ്ങളിലൂടെ ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തദനുസരണം ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽനിന്ന് ലേലം ചെയ്യേണ്ട മരങ്ങളുടെ മൂല്യനിർണയ സാക്ഷ്യപത്രം വാങ്ങുകയും ചെയ്തിരുന്നു (മതിപ്പ് വില ₹121368/-). മൂന്നു തവണ ലേലം വച്ചിട്ടും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിർണയിച്ച വിലയ്ക്ക് ലേലം സ്വീകരിക്കാൻ ആരും തയ്യാറാകാത്തതിനാൽ വീണ്ടും ലേലം ചെയ്യുന്നതിനും ഏറ്റവും കൂടുതൽ ലേല തുക രേഖപ്പെടുത്തുന്ന ആളുടെ ലേലം അംഗീകരിക്കുന്നതിനും ഭരണസമിതി നിർദ്ദേശിക്കുകയുണ്ടായി. (തീരുമാനം നം.1/തീ.06.02.2023). തുടർന്നു നടന്ന ലേലത്തിൽ ഏറ്റവും കൂടുതൽ തുക (₹65000/-) രേഖപ്പെടുത്തിയ ആളുടെ ലേലം അംഗീകരിക്കുകയും നികുതികൾ ഉൾപ്പടെ ₹80535/- 07.02.2023ലെ 1220103404 നമ്പർ രസീത് പ്രകാരം ഈടാക്കുകയും ചെയ്തു. എന്നാൽ FDT ഇനത്തിലും( 5%) GST ഇനത്തിലും (18%) ഈടാക്കിയ തുക നിശ്ചിത ഹെഡിൽ ഒടുക്കു വരുത്തുകയോ വാർഷിക ധനകാര്യപത്രികയിലെ ബാധ്യത ഹെഡിൽ (ബി9 പത്രിക) ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/തീ.26.08.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി തുകകൾ യഥാവിധി നിശ്ചിത ശീർഷകങ്ങളിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ (ഹോമിയോ), ജി.എച്ച്.ഡി കുമാരമംഗലം

തൻവർഷം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (എസ്022/23) ₹200,000/- ഹോംകോയ്ക്ക് കൈമാറിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. തുക ചെലവഴിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| UTR നമ്പർ | തുക |
|---|---|
| RB10242354013658/23-1-23 | 100000/- |
| RB10242354013659/23-1-23 | 100000/- |
| ആകെ | 200000/- |

ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികളായില്ല

2022-23 സാമ്പത്തികവർഷത്തിന്റെ ആദ്യമാസങ്ങളിൽ 129 പൊതുടാപ്പുകളുടെ വെള്ളക്കരമായിരുന്നു ഒടുക്കിയിരുന്നത്. 22-11-2022 ൽ ജലഅതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ 150 ടാപ്പുണ്ടെന്ന് കണ്ടെത്തുകയും 2023 ജനവരി മുതൽ 150 ടാപ്പിന്റെ കരം ഡിമാന്റ് ചെയ്യുന്നുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ഒറ്റ ടാപ്പുപോലും പ്രവർത്തന ക്ഷമമല്ലെന്നും, ആയതിനാൽ മുഴുവൻ ടാപ്പുകളും ഒഴിവാക്കുന്നതിനും, ടാപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കുടിശ്ശികത്തുക ഒഴിവാക്കിക്കിട്ടുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ 24-3-2023-ലെ 11/1 നമ്പർ തീരുമാനപ്രകാരം വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു (5-8-2023-ലെ എ1-2846/21 കത്ത് മുഖേന). ടാപ്പുകൾ വിച്ഛേദിക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു പ്രവൃത്തിയായി നടപ്പാക്കുന്നതിന് തൊടുപുഴ ഡിവിഷൻ കാര്യാലയവുമായി ബന്ധപ്പെടുന്നതിന് ജലഅതോറിറ്റി എക്സി.എൻജിനീയർ 9-8-2023-ലെ A4/342/2020 വോള്യം 4 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ളക്കരം ഒടുക്കുന്നില്ല. സംസ്ഥാന സർക്കാർ രണ്ടു തവണ വെള്ളക്കരം വർദ്ധിപ്പിച്ചതിനെത്തുടർന്ന് പൊതുടാപ്പുകളുടെ വാർഷിക കുടിവെള്ളക്കരം ₹5250/- യിൽ നിന്ന് ₹14559.12/- ആയി ഉയർന്നിട്ടുണ്ട് (ഏതാണ്ട് മൂന്ന് ഇരട്ടി). തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.04.2023-ലെ ജി.ഒ.(എം.എസ്) 90/2023 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗ മാർഗരേഖ (പരിഷ്കരിച്ചത്) അനുസരിച്ച് പ്രസ്തുത ഫണ്ട് വെള്ളക്കരം ഒടുക്കലിന് തുടർന്നും ചെലവഴിക്കുന്നതിൽ നിരോധനമുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്തിന് സർക്കാർ തീരുമാനം വലിയ ആഘാതമാണ്. തനത്ഫണ്ടിന്റെ നില വളരെ ശുഷ്കമായ സാഹചര്യത്തിൽ മാസംതോറും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് ഗണ്യമായ തുകയുടെ ബാധ്യതയാണ് പഞ്ചായത്തിനുണ്ടായിരിക്കുന്നത്. സംയുക്ത പരിശോധനാ വേളയിൽ ആകെയുള്ള ടാപ്പുകളുടെ എണ്ണം മാത്രമാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. ജലലഭ്യത സംബന്ധിച്ച സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. സംയുക്ത പരിശോധനയിലൂടെ വെള്ളം ലഭിക്കാത്ത 21 ടാപ്പുകളുടെകൂടി അധിക ബാധ്യത പഞ്ചായത്തിനുണ്ടായിരിക്കുന്നത്. 2023 ഓഗസ്റ്റ് മാസത്തെ ഡിമാൻഡ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ ഒടുക്കാനുള്ളത് ₹1415943/-ആണ്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനും, തെറ്റായ കണക്കുകൾ അടിസ്ഥാനപ്പെടുത്തി ജല അതോറിറ്റി തയ്യാറാക്കിയ കുടിശ്ശിക ഡിമാന്റ് ഒഴിവാക്കി കിട്ടുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിലാക്കേണ്ടതാണ്.

1-22 ഓഡിറ്റ് ഇംപാക്ട് -അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കി

ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. അജീഷ് വി.എസ്. 23-6-2022 മുതൽ 30-6-2022 വരെയും, തുടർന്ന് 1-7-2022 മുതൽ 13-7-2022 വരെയും അർദ്ധവേതനാവധിയിലായിരുന്നു. ജീവനക്കാരന്റെ 23-6-2022 മുതൽ 30-6-2022 വരെയുള്ള ശമ്പളം ₹5974/- ഉം, 1-7-2022 മുതൽ 13-7-2022 വരെയുള്ള കാലയളവിലെ ശമ്പളം ₹9394/-ഉം അടക്കം ₹15368/- (വൗച്ചർ നം.22200617/തീ. 1-3-23) നൽകിയിട്ടുണ്ട്. ജീവനക്കാരന്റെ 23-6-2022 മുതൽ 30-6-2022 വരെയുള്ള അവധി ശമ്പളം ജൂൺമാസത്തെ ശമ്പളത്തോടൊപ്പം നൽകിയിരുന്നില്ല. എന്നാൽ 1-7-2022 മുതൽ 13-7-2022 വരെ കാലയളവിലെ അവധി ശമ്പളം ജൂലൈ മാസത്തെ ശമ്പളത്തോടൊപ്പം നൽകിയിരുന്നതാണ്. ആകയാൽ ജൂലൈ മാസത്തെ അവധി ശമ്പളമായ ₹9394/- മേൽപരാമർശിത വൗച്ചർ പ്രകാരം വീണ്ടും നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 1/തീ. 22-8-23) നൽകിയതിന്റെ അടിസ്ഥാനത്തിൽ 1230101077/28-8-2023 നമ്പർ രസീത് പ്രകാരം ₹9394/- പ്രസ്തുത ജീവനക്കാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. തുക ഈടാക്കിയ നടപടി അംഗീകരിക്കുന്നു. തനത് ഫണ്ട് ചെലവുകളിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

1-23 കാലി വീപ്പയുടെ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ. (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക.)

കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. തൻവർഷം നടപ്പാക്കിയ 02 റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് കാലിവീപ്പ വില ഈടാക്കിയെങ്കിലും അത് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം | ബിൽ നം/തീയതി | തുക (₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക (₹) |
|---|---|---|---|
| പള്ളിപീടിക മൈലക്കൊമ്പ് റോഡ് (166/23) | 22100552016101409535/ 20.3.23 | 399826 | 2255 |
| പെരുമ്പിള്ളിച്ചിറ മുഹയിദ്ദീൻപള്ളി റോഡ് (67/23) | 22100552016101478670/ 25.03.23 | 257779 | 1611 |
| ആകെ | | | 3866 |

സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി വികസന ഫണ്ട് വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില 3604-911-Deduct Recoveries Of Overpayments-ലേക്കും GST അതിന്റെ കണക്ക ശീർഷകത്തിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ടേക്ക് എ ബ്രേക്ക് പൊതു ടോയ്‌ലറ്റ്- പൂർത്തീകരിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും പദ്ധതി ഉദ്ഘാടനം ചെയ്തിട്ടില്ല

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും വഴിയാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തിയത്. പദ്ധതി നടത്തിപ്പിനായി സ.ഉ.(സാധാ)നം.1401/2020/ ത.സ്വ.ഭ തീയതി 27.7.2020 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം ഗ്രാമ പഞ്ചായത്ത് മുഖ്യമന്ത്രിയുടെ പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുമാരമംഗലം ജംഗ്ഷനടുത്ത് ശുചിത്വ മിഷൻ ഫണ്ടിനത്തിലുള്ള ₹1500000/- വകയിരുത്തി ഒരു ശുചിത്വ സമുച്ചയ നിർമ്മാണം ഏറ്റെടുക്കുകയുണ്ടായി (പ്രോജക്ട് 174/22). 29.03.2022 ൽ പൂർത്തീകരിച്ച പദ്ധതിയാണെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് കരാറുകാരന് അന്തിമ ബിൽ തുക നൽകിയിട്ടുള്ളത് 31.12.2022 ലാണ്. മുൻവശത്ത് 2 കെട്ടിട മുറികളോടു കൂടിയ ടോയ്‌ലറ്റ് കോംപ്ലക്സിന്റെ താക്കോൽ 29.11.2022 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി, ജലലഭ്യത എന്നിവ ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും നിലവിലുണ്ടെങ്കിലും പദ്ധതി ഉദ്ഘാടനം ചെയ്ത് നാളിതുവരെ പൊതുജന ഉപയോഗത്തിനായി തുറന്നു കൊടുത്തിട്ടില്ല. തൊടുപുഴ-മൂന്നാർ റോഡിനു സമീപത്ത് വാഹന പാർക്കിംഗിനു സൗകര്യമുള്ളതും ജനശ്രദ്ധ ആകർഷിക്കുന്നതുമായ സ്ഥലത്താണ് ടോയ്‌ലറ്റ് കോംപ്ലക്സ് പണികഴിപ്പിച്ചിട്ടുള്ളത്. ടോയ്‌ലറ്റ് കോംപ്ലക്സിന്റെ മുൻഭാഗത്തോട് ചേർന്നുള്ള കടമുറികൾ കുടുംബശ്രീയ്ക്ക്/ അവർക്ക്

താത്പര്യമില്ലാത്തപക്ഷം പ്രതിമാസ ലൈസൻസ് ഫീസ് നിരക്കിൽ ലേലം ചെയ്തു നൽകി ഗ്രാമ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ടോയ്‌ലറ്റ് കോംപ്ലക്സ് പൊതുജന സേവനത്തിനു പ്രയോജനപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി നില നിർത്തിയതിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5/തീ.26.8.23) മറുപടി ലഭ്യമാക്കിയില്ല. ടോയ്‌ലറ്റ് പൊതുജന സേവനത്തിനായി തുറന്നു കൊടുക്കുന്നതിനും കടമുറികൾ ഗ്രാമപഞ്ചായത്തിന്റെ വരുമാന മാർഗ്ഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 മൈലാടുംചിറ കുളം നവീകരണം-പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം | 29/23 |
| അടങ്കൽ തുക | ₹950100/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ഇബ്രാഹിം എ.പി. |
| അളവു ബുക്ക് | 36/21-22 |
| ബിൽ നം/ തീയതി&തുക | വൗച്ചർ നം.22100903/31.3.22, ₹253730/- |
| | വൗച്ചർ നം.22200741/31.3.23, ₹392000/- |

കുളം തേകി വൃത്തിയാക്കൽ, കുളത്തിനു ചുറ്റുമുള്ള നടപ്പാതയിൽ ടൈൽ പാകൽ, സ്റ്റീൽ ഹാൻഡ് റെയിൽ സ്ഥാപിക്കുക എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. 2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ട് 5.2.2022-ലാണ് കരാറുകാരനായ ശ്രീ. എ.പി. ഇബ്രാഹിം. (Agreed PAC ₹681613/-) നിർവ്വഹണത്തിനായി ഏറ്റെടുത്തത്. 4 മാസമായിരുന്നു പദ്ധതിയുടെ പൂർത്തീകരണ കാലയളവ്. ഒന്നും രണ്ടും പാർട്ട് ബില്ലുകളിലായി കരാറുകാരൻ ₹645730/-കൈപ്പറ്റിയിട്ടുണ്ടെങ്കിലും കുളത്തിനു ചുറ്റുമുള്ള നടപ്പാതയിൽ ടൈൽ പാകൽ എന്ന പ്രവൃത്തി കൂടി നടപ്പാക്കി പ്രോജക്ട് യഥാവിധി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ തത്സ്ഥിതി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം.3/26.8.23) നിർവഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി ഹാജരാക്കിയിട്ടുണ്ട്. ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനായി ആദ്യ എസ്റ്റിമേറ്റിൽ നിന്ന് ഒട്ടേറെ മാറ്റങ്ങൾ വേണ്ടി വന്നുവെന്നും പദ്ധതി സ്പിൽ ഓവറായി നടപ്പു സാമ്പത്തികവർഷം തുടരുന്നുണ്ടെന്നും 2023 സെപ്തംബർ മാസം തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. നിലവിലുള്ള ഘട്ടത്തിൽ കരാർ അവസാനിപ്പിക്കുന്ന പക്ഷം റീട്ടെൻഷൻ ഇനത്തിൽ വസൂലാക്കിയിട്ടുള്ള ₹14435/- കരാർ ലംഘനത്തിനുള്ള പിഴയായി ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ക്രമീകരണ സാധ്യതയില്ലാത്ത തുകകൾ മുൻകൂർ കണക്കുകളിൽ നിലനിർത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ ബി 18 പട്ടികയിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന മുൻകൂർ എന്ന ഇനത്തിൽ നൽകിയിട്ടുള്ള തുകകൾ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല. മുൻവർഷങ്ങളിലും, തൻവർഷവും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി

നൽകിയതിൽ പൂർണമായി ചെലവഴിച്ചതും, പ്രത്യേക ഫണ്ട് അലോട്ട്മെന്റിലൂടെ ക്രമീകരിക്കാൻ സാദ്ധ്യതയില്ലാത്തതുമായ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളായി ധനകാര്യ പത്രികയിൽ നിലനിർത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻകൂറിന്റെ ഉദ്ദേശ്യം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 41320 | മെഡിക്കൽ ഓഫീസർ | ദിവ്യരക്ഷാഭവനിൽ കോവിഡ് ഡ്യൂട്ടിക്ക് നൽകിയത് | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ഇനിയും ഫണ്ട് സർക്കാരിൽ നിന്ന് ലഭിക്കാൻ സാഹചര്യമില്ലാത്തിനാൽ ക്രമീകരണ സാധ്യത യില്ല. |
| 130000 | | മഴക്കാല പൂർവ്വ ശുചീകരണം | 13 വാർഡുതല സാനിറ്റേഷൻ കമ്മിറ്റികൾക്ക് ₹10000/- വീതം നൽകിയത് ചെലവഴിച്ച്, വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി യിട്ടുള്ളതാണ്. |
| 89871 | | പാലിയേറ്റീവ് കെയർ | 2021-22-ൽ നൽകിയ മുൻകൂർ ക്രമീകരിക്കാൻ തൻവർഷം പ്രോജക്റ്റ് ആവിഷ്കരിച്ചില്ല. നടപ്പ സാമ്പത്തികവർഷവും പ്രോജക്ടില്ല. സ്പിൽ ഓവർ പ്രോജക്റ്റ് തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതിനാൽ ഇനി പ്രസ്തുത തുക ക്രമീകരിക്കാൻ സാഹചര്യമില്ല. |

പട്ടികയിൽ പരാമർശിക്കുന്ന മുൻകൂർ തുകകൾക്ക് ക്രമീകരണ സാധ്യതയില്ലാത്തതിനാൽ അവ യഥാർത്ഥ ചെലവായി പരിഗണിച്ച് കണക്കുകളിൽ വേണ്ടതായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 55000 | ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ (ജനറൽ)(spill Over) | 55000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 225000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ(പട്ടികജാതി) | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 160000 | ലൈഫ് മിഷൻ – പട്ടികജാതി അഡീഷണൽ ലിസ്റ്റ് | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 480000 | ലൈഫ് ഭവനപദ്ധതി-(ജനറൽ)(New) | 480000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 237000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ബത്ത | 237000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 270000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 270000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് ഭവനപദ്ധതി-സുവർണ ഭവനം | 400000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ചെക്ക് നം.7818357176/ 25.03.2023 | 88700 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത തിനാൽ വ്യക്തമല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത തിനാൽ വ്യക്തമല്ല |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ | കുടുംബാരോഗ്യ കേന്ദ്രത്തിന് ഇൻവർട്ടർ ബാറ്ററി വാങ്ങി സ്ഥാപിക്കൽ | BRN 22100552010 901474982/ 25.03.2023 | 43000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത തിനാൽ വ്യക്തമല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാ ത്തതിനാൽ വ്യക്തമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

തൻവർഷം LIFE ഭവന പദ്ധതി വായ്പയിനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| LIFEഭവന പദ്ധതിക്കുള്ള ഹഡ്കോ വായ്പ (KURDFC മുഖേന ലഭ്യമാക്കുന്നത്) | ജി.ഒ (എം.എസ്) നം.68/2018/ എൽ.എസ്. ജി.ഡി തി.18.05.2018 | 8415882 | 6276000 | 0 | 1494506 | 0 | 4781494 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹9600/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-2008 | 3-8 | 9600 | ശ്രീമതി. സാലിയമ്മ തോമസ്, ജെ.എസ്. | 121020103262/27.01.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്-സർചാർജ് നടപടികളിൽ ഉൾപ്പെട്ട തുകകളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | : 10542714 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 24439518 |
| ആകെ | : 34982232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 20471809 |
| നീക്കിയിരിപ്പ് | : 14510343 |
| (കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.) | |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-7/767/18/ തീ.12.06.18 | 34, 35, 36,37,38, 40 | 6 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 21 | 1 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 3- 4, 3-5, 3-6 | 3 |
| 2008-09 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2008-09 അദാലത്ത് -സെപ്റ്റംബർ )/2022 തീയതി. 02.09.2022 | 2-1, 3-1 മുതൽ 3-7 വരെ | 8 |
| 2009-10 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2009-10 അദാലത്ത് -സെപ്റ്റംബർ )/2022 തീയതി. 02.09.2022 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3 | 7 |
| 2014-15 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2014-15 അദാലത്ത് -സെപ്റ്റംബർ )/2022 തീയതി. 02.09.2022 | 2-2 | 1 |
| 2015-16 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2015-16 അദാലത്ത് -സെപ്റ്റംബർ )/2022 തീയതി.02.09.2022 | 2-1(ബി), 3-1 | 2 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2016-17 അദാലത്ത് -സെപ്റ്റംബർ )/2022 തീയതി.02.09.2022 | 2-5, 3-1 | 2 |

| | | | |
|---|---|---|---|
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2018-19 അദാലത്ത് -സെപ്റ്റംബർ)/ 2022 തീയതി.02.09.2022 | 1-12 | 1 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-07/650/22 തീയതി. 10.05.2022 | 1-14, 1-15, 1-16 | 3 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-07/878/21 തീ:30.09.2021 | 1-9, 1-10, 1-11, 1-12, 1-13, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22 | 12 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ.പി7-1773/2022 തീ: 07.02.2023 | 1-4-1, 1-4-2, 1-8 മുതൽ 1-11 വരെ 1-13 മുതൽ 1-17 വരെ 1-19 മുതൽ 1-21 വരെ | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 26-06-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kumaramangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kumaramangalam Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Kumaramangalam Grama Panchayat for the Year 2022-2023.

**1.Major Observations**

1) Non disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1) Demand register does not match with financial statements.

2) The registers, viz. stock register etc., is not correctly maintained and or does not match with accounts.

3) Lack of authenticated journal vouchers for supporting the adjustments entries recorded in prior period items.

4) Liability amount shown as liability in balance sheet does not match with the corresponding asset side item in the balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്